# മാതൃഭൂമി

**1999 ജൂലായ് 31 ശനി**



ധന്യ.പി.
മാത്തമാറ്റിക്സ് -സെൻറ് മേരീസ്, തൃശൂർ



ആനിമോൾ ജേക്കബ്ബ്
ഹിസ്റ്ററി -സെൻറ് മേരീസ് തൃശൂർ

**1999 ജൂൺ 30 ബുധൻ**



**അമിതാ ജോയ്**
**മൂന്നാം റാങ്ക് (ഫ്യൂം സയൻസ്)**

ഫ്യൂം സയൻസ് ഗ്രൂപ്പിൽ മൂന്നാം റാങ്ക് നേടിയ അമിതാജോയ് എസ്എസ്എൽസിക്ക് സംസ്ഥാനത്തെ ഒന്നാം റാങ്കുകാരിയായിരുന്നു. പൊതുമരാമത്തുവകുപ്പ് റോഡ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ജോയിയാണ്പിതാവ്. അമ്മ ലൂസി സെൻറ് മേരീസ് കോളേജിൽ സുവോളജി പ്രൊഫസർ. കൊച്ചി സർവ്വകലാശാലയുടെ എൻട്രൻസ് പരീക്ഷയിൽ 16-ാം റാങ്കും കർണ്ണാടക എൻട്രൻസിൽ 12-ാം റാങ്കും ലഭിച്ചിട്ടുണ്ട്. തൃശൂർ സെൻറ് മേരീസ് കോളേജിലാണ് പഠിച്ചിരുന്നത്.

# ദീപിക

1999 സെപ്റ്റംബർ 27 തിങ്കൾ



○ സുൽത്താൻബത്തേരിയിൽ നടക്കുന്ന സംസ്ഥാന സീനിയർ നീന്തലിൽ വനിതകളുടെ 800 മീറ്റർ ഫ്രീസ്റ്റൈലിൽ റിക്കാർഡിട്ട തൃശൂരിന്റെ വി. രമ്യ (വാർത്ത സ്പോർട്സ് പേജിൽ) -ജി. മോഹൻദാസ്, ദീപിക

ദീപിക

1999 സെപ്റ്റംബർ 27 തിങ്കൾ

# കടമാൻചിറയിൽ രമ്യ ഓളമായി



ബത്തേരി: കടമാൻചിറയുടെ ഓളപ്പരപ്പിൽ രമ്യയുടെ നീന്തൽ പ്രകടനം ചരിത്രമായി. മൂന്നു വ്യക്തിഗത റെക്കോർഡുകൾ, ഒരു ടീം റെക്കോർഡ്, ഒൻപതു സ്വർണം, 60 പോയിന്റ്, വ്യക്തിഗത ചാംപ്യൻഷിപ്പ്- ഇത്രയുമാണ് 47-ാം സംസ്ഥാന നീന്തൽ മത്സരത്തിൽ തൃശൂരിനെ പ്രതിനിധീകരിച്ച വി.രമ്യയുടെ അതുല്യനേട്ടം. 200 മീറ്റർ, 800 മീറ്റർ, 400 മീറ്റർ ഇനങ്ങളിലും 4 X 200 മീറ്റർ മെഡ്‌ലേ റിലേയിലും രമ്യ റെക്കോർഡ് നേടി. കൂടാതെ 200 മീറ്റർ ബാക്ക് സ്ട്രോക്ക്, 100 മീറ്റർ ഫ്രീസ്റ്റൈൽ, 200 മീറ്റർ ഇൻഡിവിജ്വൽ മെഡ്‌ലേ, 4 X 200 മീറ്റർ, 4 X 100 മീറ്റർ മെഡ്‌ലേ എന്നിവയിൽ സ്വർണവും നേടി. 1998ലെ മണിപ്പൂർ ദേശീയ ഗെയിംസിൽ 200 മീറ്ററിൽ രണ്ടാം സ്ഥാനവും 800 മീറ്ററിലും 400 മീറ്ററിലും മൂന്നാം സ്ഥാനവും ലഭിച്ചിരുന്നു. ജൂനിയർ നാഷണൽ മീറ്റ്, ജൂനിയർ സ്റ്റേറ്റ് മീറ്റ് എന്നിവയിലും രമ്യ പങ്കെടുത്തിരുന്നു.

മാത്യു ലൂക്കോസ്, ജനാർദനൻ എന്നിവരാണ് പരിശീലകർ. സ്കൂൾ മീറ്റിൽ ഒന്നാമനും അമ്മാവനുമായ രാജേഷ് ആണ് രമ്യക്ക് പ്രചോദനം. തിരുവനന്തപുരം കൊപ്പം തടത്തെരുവത്തിൽ മോഹനൻ-വിജയമ്മ ദമ്പതികളുടെ മൂത്തമകളാണ് രമ്യ. തൃശൂർ സെയ്ന്റ് മേരീസ് കോളജിൽ ഒന്നാംവർഷ ചരിത്രവിദ്യാർഥിനിയാണ്.

## എതിരാളിയില്ലാതെ രമ്യ

സുൽത്താൻബത്തേരി: ഇന്നലെ രമ്യയുടെ ദിവസമായിരുന്നു; തൃശൂരിന്റെയും. ഇന്നലെ ഒരു റിക്കാർഡ് അടക്കം അഞ്ച് ഒന്നാംസ്ഥാനങ്ങൾ നേടിയ രമ്യ നീന്തൽകുളത്തിലെ റാണിയായി. അതോടെ നാലു റിക്കാർഡുകളടക്കം എട്ട് ഒന്നാംസ്ഥാനങ്ങൾ രമ്യയ്ക്ക് സ്വന്തം.

ഇന്നലെ നടന്ന മിക്ക മത്സരങ്ങളിലും വിജയിച്ച തൃശൂർ മറ്റുള്ളവരെക്കാളേറെ മുന്നിലാണ്. ഓവറോൾ ചാമ്പ്യൻഷിപ്പിന് തൃശൂരിനും വ്യക്തിഗത ചാമ്പ്യൻഷിപ്പിന് രമ്യയ്ക്കും കാര്യമായ വെല്ലുവിളികളില്ല.

400 മീറ്റർ ഫ്രീസ്റ്റൈലിലാണ് തൃശൂരിന്റെ വി.രമ്യ ഇന്നലെ സ്വന്തം റിക്കാർഡ് തിരുത്തിയത്. 1998-ൽസ്ഥാപിച്ച 5:03.14. രമ്യ 5:00.48 ആയി മെച്ചപ്പെടുത്തി. ആദ്യ ദിവസം 800 മീറ്റർ ഫ്രീസ്റ്റൈലിൽ റിക്കാർഡിട്ടു കൊണ്ടായിരുന്നു രമ്യയുടെ അരങ്ങേറ്റം. തുടർന്ന് 200 മീറ്റർ ഫ്രീസ്റ്റൈലിലും രമ്യ റിക്കാർഡ് സ്ഥാപിച്ചു. 4 x 100 മീറ്റർ മെഡ്‌ലി റിലേയിലും രമ്യയുടെ ടീം റിക്കാർഡ് തിരുത്തി.

ഇതിനുപുറമേ 200 മീറ്റർ ബാക്ക് സ്ട്രോക്ക്, 100 ഫ്രീസ്റ്റൈൽ, 200 മീറ്റർ മെഡ്‌ലി, 4 x 200 മീറ്റർ ഫ്രീസ്റ്റൈൽ റിലേ എന്നിവയിലും രമ്യ ഒന്നാം സ്ഥാനം നീന്തിയെടുത്തു. ആദ്യദിവസം 100 മീറ്റർ ബാക്ക്സ്ട്രോക്കിൽ രമ്യ മൂന്നാംസ്ഥാനം നേടിയിരുന്നു.

തൃശൂരിന്റെ തന്നെ എം.ഉഷയുടേതാണ് ഇന്നലത്തെ രണ്ടാമത്തെ റിക്കാർഡ്. 100 മീറ്റർ ബട്ടർഫ്ളൈയിൽ 1:12.67 സമയം കുറിച്ച ഉഷ കഴിഞ്ഞ വർഷത്തെ തന്റെ തന്നെ 1:13.31 സമയമാണ് തിരുത്തിയത്. ഇന്നലെ 200 മീറ്റർ ബ്രെസ്റ്റ്സ്ട്രോക്കിൽ ഒന്നാമതെത്തിയ ഉഷ ആദ്യദിവസം 200 മീറ്റർ ബട്ടർഫ്ളൈസിലും ഒന്നാം സ്ഥാനം നേടിയിരുന്നു.

മാതൃഭൂമി

1999 സെപ്റ്റംബർ 27 തിങ്കൾ





രമ്യ

■ സംസ്ഥാന സീനിയർ നീന്തൽ

# രമ്യക്ക് നാലു റെക്കോർഡ്

ബത്തേരി: കടമാൻ ചിറയിൽ നടക്കുന്ന സംസ്ഥാന സീനിയർ നീന്തൽ മൽസരത്തിൽ തൃശൂരിന്റെ വി.രമ്യ നാലു റെക്കോർഡുകൾ തകർത്തു.

ആദ്യ ദിനത്തിൽ മൂന്നു റിക്കാർഡിട്ട രമ്യ, ഇന്നലെ 400 മീറ്റർ ഫ്രീസ്റ്റൈലിലും നിലവിലുള്ള സമയം തിരുത്തി. (5.0048 മിനുറ്റ്).

രണ്ടു ദിവസത്തെ മൽസരങ്ങൾ അവസാനിച്ചപ്പോൾ 350 പോയന്റോടെ തൃശൂർ ജില്ല മുന്നിലാണ്. 129 പോയന്റോടെ തിരുവനന്തപുരമാണ് രണ്ടാം സ്ഥാനത്ത്.

തൃശൂർ ജില്ല പുരുഷവിഭാഗത്തിൽ 164 ഉം വനിതാവിഭാഗത്തിൽ 186 ഉം പോയിന്റ് നേടി. തിരുവനന്തപുരം പുരുഷവിഭാഗത്തിൽ 78 ഉം വനിതാ വിഭാഗത്തിൽ 51 ഉം പോയിന്റു നേടി.

ഇന്നലെ നടന്ന വനിതാവിഭാഗം 100 മീറ്റർ ബട്ടർഫ്ളൈ മൽസരത്തിൽ തൃശൂരിന്റെ എം.ഉഷ റെക്കോർഡ് സ്ഥാപിച്ചു.

വാട്ടർ പോളോ പുരുഷ വിഭാഗത്തിൽ റയിൽവേ ടീം തിരുവനന്തപുരം ജില്ലയെ 11-7നും, സി.എസ്.എഫ്, കൊല്ലത്തിനെ 10-1 നും പരാജയപ്പെടുത്തി. വനിതാവിഭാഗം വാട്ടർ പോളോ മൽസരത്തിൽ തിരുവനന്തപുരം കോട്ടയത്തെ തോൽപ്പിച്ചു (11-2).

മത്സരഫലങ്ങൾ: 400 മീറ്റർ ഫ്രീസ്റ്റൈൽ-പുരുഷ വിഭാഗം-പി.എസ്.സുജിത്ത് (തൃശൂർ), ശ്രീവിശാഖ് (തിരുവനന്തപുരം)

400 മീറ്റർ ഫ്രീസ്റ്റൈൽ-വനിത-വി.രമ്യ, എസ്.സുമിഷ (ഇരുവരും തൃശൂർ)

200 മീറ്റർ ബാക്ക് സ്ട്രോക്ക്-പുരുഷൻ- എ.കെ.ശിവദാസൻ, എം.കെ.ജയപ്രസാദ് (ഇരുവരും തൃശൂർ).

200 മീറ്റർ ബാക്ക് സ്ട്രോക്ക്-വനിത-വി.രമ്യ (തൃശൂർ) സോണി സിറിയക്ക് (കോട്ടയം).

200 മീറ്റർ ബ്രസ്റ്റ് സ്ട്രോക്ക്-പുരുഷൻ-കെ.എ.ചന്ദ്രബാബു (കൊല്ലം), വി.എൻ.ബൈജുകുമാർ (തൃശൂർ)

200 മീറ്റർ ബ്രസ്റ്റ് സ്ട്രോക്ക്-വനിത-എം.ഉഷ, സി.കെ.മഞ്ജു (ഇരുവരും തൃശൂർ).

100 മീറ്റർ ബട്ടർ ഫ്ളൈ-പുരുഷൻ-സി.സി.സജിത്, എസ്.രതീഷ് (ഇരുവരും തൃശൂർ)

100 മീറ്റർ ബട്ടർ ഫ്ളൈ-വനിത-എം.ഉഷ, എസ്.ഭാഗ്യ (ഇരുവരും തൃശൂർ)

100 മീറ്റർ ഫ്രീ സ്റ്റൈൽ-പുരുഷൻ -ഷാജി കുര്യാക്കോസ് (സി.ഐ.എസ്.എഫ്), പി.എസ്.സുജിത് (തൃശൂർ)

100 മീറ്റർ ഫ്രീസ്റ്റൈൽ വനിത-വി.രമ്യ, എസ്.സുമിഷ (ഇരുവരും തൃശൂർ).

200 മീറ്റർ ഇന്റിവിജ്വൽ മെഡ്ലെ-പുരുഷൻ-വി.എൻ.ബൈജുകുമാർ, എം. കെ.ജയപ്രസാദ് (ഇരുവരും തൃശൂർ)

200 മീറ്റർ ഇന്റിവിജ്വൽ മെഡ്ലെ-വനിത -വി.രമ്യ, എം.ഉഷ (ഇരുവരും തൃശൂർ).

4X200 മീറ്റർ ഫ്രീസ്റ്റൈൽ റിലേ പുരുഷവിഭാഗത്തിൽ തൃശൂർ ഒന്നാം സ്ഥാനവും കോട്ടയം രണ്ടാം സ്ഥാനവും നേടി.

400X200 ഫ്രീസ്റ്റൈൽ റിലേ വനിത വിഭാഗത്തിൽ തൃശൂർ ഒന്നും കോട്ടയം രണ്ടും സ്ഥാനം നേടി.

മലയാള മനോരമ
1999 സെപ്റ്റംബർ 27 തിങ്കൾ



സംസ്ഥാന നീന്തലിൽ മൂന്ന് വ്യക്തിഗത റെക്കോർഡുകൾ നേടിയ രമ്യ.

# കടമാൻചിറയിൽ രമ്യ ഓളമായി

ബത്തേരി: കടമാൻചിറയുടെ ഓളപ്പരപ്പിൽ രമ്യയുടെ നീന്തൽ പ്രകടനം ചരിത്രമായി. മൂന്നു വ്യക്തിഗത റെക്കോർഡുകൾ, ഒരു ടീം റെക്കോർഡ്, ഒൻപതു സ്വർണം, 60 പോയിന്റ്, വ്യക്തിഗത ചാംപ്യൻഷിപ്പ്- ഇത്രയുമാണ് 47-ാം സംസ്ഥാന നീന്തൽ മൽസരത്തിൽ തൃശൂരിനെ പ്രതിനിധീകരിച്ച വി.രമ്യയുടെ അതുല്യനേട്ടം.

മൂന്നു ദിവസങ്ങളിലായി നടന്ന മൽസരത്തിൽ 200 മീറ്റർ, 800 മീറ്റർ, 400 മീറ്റർ ഇനങ്ങളിലും 4x200 മീറ്റർ മെഡ്‌ലേ റിലേയിലും രമ്യ റെക്കോർഡ് നേടി. കൂടാതെ 200 മീറ്റർ ബാക്ക് സ്ട്രോക്ക്, 100 മീറ്റർ ഫ്രീ സ്റ്റൈൽ, 200 മീറ്റർ ഇൻഡിവിജ്വൽ മെഡ്‌ലേ, 4x200 മീറ്റർ, 4x100 മീറ്റർ മെഡ്‌ലേ എന്നിവയിൽ സ്വർണവും നേടി.

1998ലെ മണിപ്പൂർ ദേശീയ ഗെയിംസിൽ 200 മീറ്ററിൽ രണ്ടാം സ്ഥാനവും 800 മീറ്ററിലും 400 മീറ്ററിലും മൂന്നാം സ്ഥാനവും ലഭിച്ചിരുന്നു. ജൂനിയർ നാഷണൽ മീറ്റ്, ജൂനിയർ സ്റ്റേറ്റ് മീറ്റ് എന്നിവയിലും രമ്യ പങ്കെടുത്തിരുന്നു.

മാത്യു ലൂക്കോസ്, ജനാർദനൻ എന്നിവരാണ് രമ്യയുടെ പരിശീലകർ. സ്കൂൾ മീറ്റിൽ ഒന്നാമനും അമ്മാവനുമായ രാജേഷ് ആണ് രമ്യക്ക് പ്രചോദനം നൽകിയത്.

തിരുവനന്തപുരം കൊപ്പം തടത്തെരുവത്തിൽ മോഹനൻ-വിജയമ്മ ദമ്പതികളുടെ മൂത്ത മകളാണ് പതിനെട്ടുകാരിയായ രമ്യ.

തൃശൂർ സെയ്ന്റ് മേരീസ് കോളജിൽ ഒന്നാം വർഷ ചരിത്ര വിദ്യാർഥിനിയാണ്.

ദീപിക
1999 സെപ്റ്റംബർ 27 തിങ്കൾ



800 മീറ്റർ ഫ്രീസ്റ്റൈൽ, 100 മീറ്റർ ബാക്ക് സ്ട്രോക്ക്, 100 മീറ്റർ ഫ്രീസ്റ്റൈൽ എന്നിവയിൽ റെക്കോർഡിട്ട തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ വി. രമ്യ.

മലയാള മനോരമ

1999 ഒക്ടോബർ 1 വെള്ളി

# രമ്യയ്ക്കും ട്രിപ്പിൾ

## രമ്യ നേട്ടം തുടരുന്നു; ബൈജു പുതിയ താരോദയം

തൃശൂർ: ആതിഥേയ കോളജുകൾ സ്വന്തമാക്കിയ സർവകലാശാല നീന്തൽ മൽസരത്തിലെ ആദ്യദിനം തിളങ്ങിയത് സെയ്ന്റ് മേരീസിലെ വി. രമ്യയും സെയ്ന്റ് തോമസിലെ വി. എൻ. ബൈജുകുമാറും. ഇരുവരും റെക്കോർഡ് ട്രിപ്പിൾ നേടിയാണ് [illegible] വിൽ തുഴഞ്ഞുമുന്നേറിയത്.

ഏഷ്യാ [illegible] ൽ മൽസരത്തിലെ സുവർണനേട്ടങ്ങളുമായി അക്വാട്ടിക് കോം [illegible] ൽകുളത്തിലെത്തിയ എം. ഉഷയെ രണ്ടിനങ്ങളിൽ രമ്യ പിന്ത [illegible] രമ്യയെയും രണ്ടിനങ്ങളിൽ പിന്തള്ളി. 200 മീ. ഇൻഡിവ്ഡ്വൽ [illegible] 100 മീ. ബട്ടർഫ്ളൈ സ്ട്രോക്കിലും ഉഷ സ്വർണം നേടിയെങ്കിലും [illegible] ആവർത്തിക്കാനായില്ല. രമ്യയാകട്ടെ സ്വർണം നേടിയ മൂന്നിനത്തിലും റെക്കോർഡ് പ്രകടനമാണ് കാഴ്ചവച്ചത്.

പുരുഷവിഭാഗത്തിൽ മൂന്ന് റെക്കോർഡുകൾ പലങ്കഥയാക്കിയ ബൈജു കുമാറാണ് പുത്തൻതാരോദയം.

മലയാള മനോരമ

1999 ഒക്ടോബർ 1 വെള്ളി

## രമ്യ, ഉഷ, ബൈജുകുമാർ, സജിത്–മേളയിലെ താരങ്ങൾ

തൃശൂർ: സംസ്ഥാന സീനിയർ നീന്തൽ മൽസരത്തിലെ വനിതാ വ്യക്തിഗത ചാംപ്യൻ വി. രമ്യ, ഏഷ്യ പസഫിക് മീറ്റിലെ സുവർണതാരം എം. ഉഷ, വി. എൻ. ബൈജുകുമാർ, സി. സി. സജിത് എന്നിവർ സർവകലാശാല നീന്തൽ മേളയിലെ താരങ്ങളായി. മൊത്തം ആറ് റെക്കോർഡ് സ്ഥാപിച്ച സെയ്ന്റ് മേരീസിലെ രമ്യ വനിതാവിഭാഗത്തിലും സെയ്ന്റ് തോമസിലെ വി. എൻ. ബൈജുകുമാർ പുരുഷവിഭാഗത്തിലും വ്യക്തിഗത ചാംപ്യന്മാരായപ്പോൾ, കേരളവർമയിലെ സി. സി. സജിത്തും സെയ്ന്റ് മേരീസിലെ എം. ഉഷയും ചാംപ്യൻഷിപ്പിലെ വേഗമേറിയ താരങ്ങളായി.

ഏഷ്യ പസഫിക് മീറ്റിൽ 100, 200 മീ. ബട്ടർഫ്ളൈ സ്ട്രോക്കിലും സ്വർണം നേടിയ ഉഷയ്ക്ക് സർവകലാശാല മീറ്റിൽ മിന്നൽ പ്രകടനം ആവർത്തിക്കാനായില്ല. പാലക്കാട് കാർത്തികപുരം പൊന്നുമംഗലം മണിയുടെയും കമലയുടെയും മകളാണ് ഉഷ. സുൽത്താൻ ബത്തേരിയിൽ സംസ്ഥാന സീനിയർ നീന്തലിൽ 100, 200, 400, 800 ഫ്രീസ്റ്റൈലുകളിൽ വിജയിയും ഇതേ ഇനങ്ങളിൽ അന്തർ സർവകലാശാല ജേതാവുമായ രമ്യ ഇത്തവണ ഉഷയെ നിഷ്പ്രഭമാക്കുകയായിരുന്നു. രമ്യ തിരുവനന്തപുരം വെമ്പായം തടത്തരികത്തിൽ മോഹനന്റെയും വിജയമ്മയുടെയും മകളാണ്.

സെയ്ന്റ് മേരീസിലെ ഒന്നാംവർഷ ചരിത്ര വിദ്യാർഥികളായ ഉഷയും രമ്യയും സായി സ്പോർട്സ് ഹോസ്റ്റൽ അംഗങ്ങളാണ്. താമസവും പഠനവും പരി ശീലനവുമെല്ലാം ഒരുമിച്ചെങ്കിലും നീന്തൽ കുളത്തിലെത്തിയാൽപ്പിന്നെ രമ്യയ്ക്കും ഉഷയ്ക്കും മുഖത്തോടുമുഖം നോട്ടമില്ല; ഫിനിഷിങ് പോയിന്റ് ലക്ഷ്യമാക്കിയുള്ള കുതിപ്പുമാത്രം.

സെയ്ന്റ് തോമസിലെ പ്രീഡിഗ്രി വിദ്യാർഥിയായ ബൈജു സ്കൂൾമുതൽ നീന്തൽ മൽസരങ്ങളിലെ സ്ഥിരം ജേതാവാണ്. കഴിഞ്ഞവർഷവും 100, 200 ബ്രെസ്റ്റ് സ്ട്രോക്കിൽ ജേതാവായിരുന്നു. തിരുവനന്തപുരം ആലിയാട് ബിജുവിലാസത്തിൽ വിജയകുമാരൻനായരുടെയും നിർമലയുടെയും മകൻ.

മേളയിലെ വേഗമേറിയ പുരുഷതാരം സജിത് കേരളവർമ കോളജിൽ ഒന്നാം വർഷ ചരിത്ര വിദ്യാർഥിയാണ്. സംസ്ഥാന സീനിയർ ചാംപ്യൻഷിപ്പിൽ 50, 100, 200 ബട്ടർഫ്ളൈയിൽ ജേതാവാണ്. കഴിഞ്ഞവർഷവും സർവകലാശാലയിലെ വേഗമേറിയ നീന്തൽ താരമായിരുന്നു. ഇരിങ്ങാലക്കുട ചോലിപ്പറമ്പിൽ ചന്ദ്രന്റെയും രാധയുടെയും മകൻ.

അക്വാട്ടിക് കോംപ്ലക്സിലെ നീന്തൽക്കുളം അടക്കിവാണ ബൈജുവിന്റെയും രമ്യയുടെയും ഉഷയുടെയും സജിത്തിന്റെയും കുതിപ്പിനു ശക്തി പകരുന്നത് പരിശീലകരായ മാത്യു ലൂക്കോസും ജനാർദ്ദനനുമാണ്.



മനോരമ

സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ വനിതകളിലെ വേഗമേറിയ താരമായ എം. ഉഷ(സെയ്ന്റ് മേരീസ്, തൃശൂർ).

## നീന്തൽ ടീം: ശിവദാസനും ഉഷയും നായകർ

തൃശൂർ: അന്തർ സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിനുള്ള കാലിക്കറ്റ് സർവകലാശാല പുരുഷടീമിനെ തൃശൂർ കേരളവർമയിലെ എ.കെ. ശിവദാസനും വനിതാ ടീമിനെ തൃശൂർ സെയ്ന്റ് മേരീസിലെ എം. ഉഷയും നയിക്കും. പുരുഷ ടീം: സി.സി. സജിത്, എം.കെ. ജയപ്രസാദ്, ടി. പാലകൻ, എസ്. സുകേഷ്കുമാർ (എല്ലാവരും കേരളവർമ), വി.എൻ. ബൈജുകുമാർ, പി.എസ്. സുജിത്ത്, ബി. പ്രസാദ്, എസ്. രതീഷ്(എല്ലാവരും സെയ്ന്റ് തോമസ്).

വനിതാ ടീം: വി. രമ്യ, സി.കെ. മഞ്ജു, ജോമി തോമസ്, എസ്. ഭാഗ്യ(എല്ലാവരും സെയ്ന്റ് മേരീസ്), എസ്. സുമിഷ, ടി.എസ്. സുനിത(ഇരുവരും വിമല കോളജ്).

എ. ജനാർദനൻ, മാത്യു ലൂക്കോസ് എന്നിവരാണ് ടീമിന്റെ പരിശീലകർ. എ.വി. സുരേഷ് മാനേജരും ഗീതാ ബനഡിക്ട് ലേഡി മാനേജരുമായിരിക്കും. സർവകലാശാല വാട്ടർപോളോ ടീമിനെ കേരളവർമയിലെ ടി. പാലകൻ നയിക്കും.

മലയാള മനോരമ

1999 ഒക്ടോബർ 1 വെള്ളി



800 മീറ്റർ ഫ്രീസ്റ്റൈൽ, 100 മീറ്റർ ബാക്ക് സ്ട്രോക്ക്, 100 മീറ്റർ ഫ്രീ സ്റ്റൈൽ എന്നിവയിൽ റെക്കോർഡിട്ട തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ വി. രമ്യ.



200 മീറ്റർ ഇൻഡിവിജ്വൽ മെഡ്‌ലെ, 200 മീറ്റർ ബ്രസ്റ്റ് ട്രോക്ക്, 160 മീറ്റർ ഫ്രീ സ്റ്റൈൽ എന്നിവയിൽ റെക്കോർഡിട്ട തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ എം. ഉഷ.



കാലിക്കറ്റ് സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ 200 മീറ്റർ ബ്രസ്റ്റ് സ്ട്രോക്കിൽ റെക്കോർഡിട്ട സി.കെ. മഞ്ജു(സെയ്ന്റ് മേരീസ് കോളജ്, തൃശൂർ).

തൃശൂർ: റെക്കോർഡുകളുടെ പ്രളയവുമായി കാലിക്കറ്റ് സർവകലാശാല നീന്തൽ മൽസരത്തിന് തുടക്കമായി. ആദ്യദിനത്തിലെ 14 മൽസരങ്ങളിൽ രണ്ട് അന്തർ സർവകലാശാല പ്രകടനം മെച്ചപ്പെടുത്തിയതുൾപ്പടെ 11 ഇനങ്ങളിലാണ് റെക്കോർഡ്.

തൃശൂരിലെ കോളജുകൾ നീന്തൽ കുളം അടക്കിവാണ ആദ്യദിവസം വനിതാവിഭാഗത്തിൽ സെയ്ന്റ് മേരീസ് കോളജും (56 [illegible]ിന്റ്) വിമല കോളജും ( 13 പോയിന്റ്) പുരുഷവിഭാഗത്തിൽ സെയ്ന്റ് തോമസ് കോളജും (43 പോയിന്റ്) കേരളവർമ കോളജും (27 പോയിന്റ്) മുന്നിട്ടുനിൽക്കുന്നു.

സെയ്ന്റ് മേരീസ് കോളജിലെ വി. രമ്യ 800 മീ. ഫ്രീസ്റ്റൈൽ (10:12:58), 100 മീ. ബാക്ക്സ്ട്രോക്ക് (1:19:05), 100 മീ. ഫ്രീസ്റ്റൈൽ (1:06:24) ഇനങ്ങളിലായും സെയ്ന്റ് തോമസിലെ വി. എൻ. ബൈജുകുമാർ 200 മീ. ബ്രസ്റ്റ് സ്ട്രോക്ക് (2:43:88), 200 മീ. ഇൻഡിവിഡ്വൽ മെഡ്‌ലേ (2:29:12), 100 മീ. ബട്ടർഫ്ളൈ സ്ട്രോക്ക് (1:04:94) ഇനങ്ങളിലുമായി റെക്കോർഡ് ട്രിപ്പിളും തികച്ചു. 800 മീ. ഫ്രീസ്റ്റൈലിൽ രമ്യ അന്തർ സർവകലാശാല മീറ്റിലെ തന്റെ തന്നെ 10:20:94 സെക്കൻഡിന്റെ പ്രകടനം മെച്ചപ്പെടുത്തിയപ്പോൾ 200 മീ. ബ്രെസ്റ്റ് സ്ട്രോക്കിൽ ബൈജുകുമാർ അന്തർ സർവകലാശാല മീറ്റിലെ പർമീന്ദർ പാൽസിങ്ങിന്റെ 2:44:37 സെക്കൻഡിന്റെ പ്രകടനത്തെയാണ് കടത്തിവെട്ടിയത്.

4-100 മീ. മെഡ്‌ലേ റിലേയിൽ തൃശൂർ സെയ്ന്റ് തോമസിന്റെ (4:28:10) പുരുഷന്മാരുടെ പ്രകടനം അന്തർ സർവകലാശാല മീറ്റിൽ [illegible]ഹിയുടെ (4:28:27) റെക്കോർഡിനെക്ക[illegible] മെച്ചപ്പെട്ടതാണ്.

പുരുഷവിഭാഗത്തിൽ 1500 മീറ്റർ ഫ്രീസ്റ്റൈലിൽ സെയ്ന്റ് തോമസ് കോളജിലെ പി. എസ്. സുജിത് (18.30.32), 100 മീ. ബാക്ക്സ്ട്രോക്കിൽ കേരളവർമയിലെ എ. കെ. ശിവദാസൻ (1.06.23) വനിതാവിഭാഗത്തിൽ 200 മീ. ബ്രെസ്റ്റ് സ്ട്രോക്കിൽ സെയ്ന്റ് മേരീസിലെ സി. കെ. മഞ്ജു (3:07:47) എന്നിവരുമാണ് മറ്റ് റെക്കോർഡുകൾ സ്ഥാപിച്ചത്. 4-100 മീ. മെഡ്‌ലേ റിലേയിൽ സെയ്ന്റ് മേരീസിന്റെ വനിതകളും (5:10:5[illegible] റെക്കോർഡ് തിരുത്തിക്കുറിച്ചു.

[illegible]വിഭാഗത്തിൽ സെയ്ന്റ് തോമ[illegible]ലെ പി. എസ്. സുജിത്ത് 100 മ[illegible]ഫ്രീസ്റ്റൈലിൽ വനിതാവിഭാഗ[illegible] സെയ്ന്റ് മേരീസിലെ എം. ഉഷ [illegible]0 മീ. ബട്ടർഫ്ളൈ സ്ട്രോക്കിലും സ്വർണംനേടി. വനിതകളുടെ 200 മീ. ബ്രെസ്റ്റ് സ്ട്രോക്കിലെ ആദ്യ മൂന്നു സ്ഥാനക്കാരും റെക്കോർഡ് പ്രകടനമാണ് കാഴ്ചവച്ചത്.

വിമലയിലെ വി. എസ്. ഷൈനി കഴിഞ്ഞവർഷം സ്ഥാപിച്ച 3:12:59 സെക്കൻഡിന്റെ റെക്കോർഡാണ് ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരായ തൃശൂർ സെയ്ന്റ് മേരീസിലെ സി. കെ. മഞ്ജുവും (3:07:47) എം. ഉഷയും (3:09:70) സുൽത്താൻ ബത്തേരി സെയ്ന്റ് മേരീസിലെ ബിജി വർഗീസും (3:11:60) പഴങ്കഥയാക്കിയത്.

മലയാള മനോരമ

1999 ഒക്ടോബർ 1 വെള്ളി

വനിതകളിൽ തൃശൂർ സെയ്ന്റ് മേരീസിലെ എം. ഉഷ 200 മീ. ബട്ടർ-ഫ്ളൈയിലും(2:38:56) സി.കെ. മഞ്ജു 100 മീ. ബ്രെസ്റ്റ് സ്ട്രോക്കിലും(1:27:52) പുരുഷന്മാരിൽ കേരളവർമ



മനോരമ

കാലിക്കറ്റ് സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യൻഷിപ്പ് നേടിയ തൃശൂർ സെയ്ന്റ് മേരീസ് കോളജ് ടീം.

യിലെ എ.കെ. ശിവദാസൻ 200 മീ. ബാക്ക്സ്ട്രോക്കിലും(2:26:06) സെയ്ന്റ് തോമസിലെ എസ്. രതീഷ് 200 മീ. ബട്ടർ-ഫ്ളൈ സ്ട്രോക്കിലും(2:23:58) നിലവിലുള്ള റെക്കോർഡുകൾ തിരുത്തിക്കുറിച്ചു.

അഖിലേന്ത്യ ടെന്നിസ് അസോസിയേഷൻ ട്രഷററും ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുമായ പ്രഫ. ടി.ഡി. ഫ്രാൻസിസ് സമ്മാനദാനം നിർവഹിച്ചു. കേരളവർമ കോളജ് പ്രിൻസിപ്പൽ പി. പത്മകുമാരി അധ്യക്ഷത വഹിച്ചു. സർവകലാശാല കായികവിഭാഗം മേധാവി എസ്. മുരളീധരൻ, സെയ്ന്റ് മേരീസ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ബെറ്റ്സി, ജോയി തോട്ടാൻ, എ.വി. സുരേഷ്, നാരായണമേനോൻ എന്നിവർ പ്രസംഗിച്ചു.

മറ്റിനങ്ങളിൽ ഒന്നാംസ്ഥാനം നേടിയവരുടെ പേരുവിവരം ചുവടെ:

പുരുഷവിഭാഗം: 400 മീ. ഫ്രീസ്റ്റൈൽ- പി.എസ്. സുജിത്(തൃശൂർ സെയ്ന്റ് തോമസ്), 200 മീ. ഫ്രീസ്റ്റൈൽ- പി. എസ്. സുജിത്(തൃശൂർ സെയ്ന്റ് തോമസ്), 400 മീ. ഇൻഡിവിജ്വൽ മെഡ്ലെ- വി.എൻ. ബൈജുകുമാർ(തൃശൂർ സെയ്ന്റ് തോമസ്), 4-100 മീ. റിലേ, 4-200 മീ. റിലേ- തൃശൂർ സെയ്ന്റ് തോമസ്.

വനിതാവിഭാഗം: 200 മീ. ബാക്ക്സ്ട്രോക്ക്- ടി.എസ്. സുനിത(തൃശൂർ വിമല), 4-100 മീ. റിലേ, 4-200 മീ. റിലേ- തൃശൂർ സെയ്ന്റ് മേരീസ്.

മലയാള മനോരമ

# നീന്തൽ: തൃശൂർ കോളജുകൾക്ക് ചാംപ്യൻഷിപ്പ്

1999 ഒക്ടോബർ 2 ശനി

തൃശൂർ: പത്തൊൻപത് റെക്കോർഡുകൾക്കു സാക്ഷ്യം വഹിച്ച കാലിക്കറ്റ് സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ തൃശൂർ സെയ്ന്റ് തോമസ് കോളജ്- 92 പോയിന്റുമായി പുരുഷവിഭാഗത്തിലും തൃശൂർ സെയ്ന്റ് മേരീസ് കോളജ് 124 പോയിന്റുമായി വനിതാ വിഭാഗത്തിലും ജേതാക്കളായി. അവസാനദിവസം എട്ടു റെക്കോർഡുകൾകൂടി തിരുത്തിക്കുറിക്കപ്പെട്ടു. വാട്ടർ പോളോയിൽ സെയ്ന്റ് തോമസ് കോളജ് ചാംപ്യൻഷിപ്പ് നേടി.

വനിതാ വിഭാഗത്തിൽ മൊത്തം ആറ് റെക്കോർഡ് സ്ഥാപിച്ച സെയ്ന്റ് മേരീസിലെ വി. രമ്യയും(38 പോയിന്റ്) പുരുഷ വിഭാഗത്തിൽ നാല് റെക്കോർഡിന് ഉടമയായ സെയ്ന്റ് തോമസിലെ വി.എൻ. ബൈജുകുമാറും(25 പോയിന്റ്) വ്യക്തിഗത ചാംപ്യന്മാരായപ്പോൾ കേരളവർമയിലെ സി.സി. സജിത്തും സെയ്ന്റ് മേരീസിലെ എം. ഉഷയും ചാംപ്യൻഷിപ്പിലെ വേഗമേറിയ നീന്തൽ താരങ്ങളായി.

വി. രമ്യ രണ്ടാംദി[illegible]വും റെക്കോർഡ് ട്രിപ്പിൾ [illegible]നം ആവർത്തിച്ചു. ആദ്യ[illegible]വസം 800 മീ. ഫ്രീസ്റ്റൈൽ, 100 മീ. ബാക്ക്സ്ട്രോക്ക്, 100 മീ. ഫ്രീസ്റ്റൈൽ ഇനങ്ങളിൽ റെക്കോർഡ് തിരുത്തിക്കുറിച്ച രമ്യ 400 മീ. ഫ്രീസ്റ്റൈൽ(4:57:31), 200 മീ. ഫ്രീസ്റ്റൈൽ(2:23:11), 400 മീ. ഇൻഡിവിജ്വൽ മെഡ്‌ലേ(5:41:77) ഇനങ്ങളിലും റെക്കോർഡ് സ്ഥാപിച്ചു. റെക്കോർഡ് ട്രിപ്പിൾ തികച്ച വി.എൻ. ബൈജുകുമാർ 100 മീ. ബ്രെസ്റ്റ് സ്ട്രോക്കിലും(1:15:55) റെക്കോർഡ് നേടി.

ചാംപ്യൻഷിപ്പിലെ ഫാസ്റ്റസ്റ്റ് താരങ്ങളായ കേരളവർമയിലെ സി.സി. സജിത്ത് 0:26:99 സെക്കൻഡിലും എം. ഉഷ 0:30:85 സെക്കൻഡിലും 50 മീ. ഫ്രീസ്റ്റൈൽ മൽസരത്തിൽ നീന്തൽ പൂർത്തിയാക്കി.

മലയാള മനോരമ

1999 ഒക്ടോബർ 16 ശനി

# കബഡി: വീണ്ടും സെയ്ന്റ് മേരീസ്

തൃശൂർ: ആതിഥേയരായ സെയ്ന്റ്/മേരീസ് കോളജ് തുടർച്ചയായി എട്ടാം വർഷവും കാലിക്കറ്റ് സർവകലാശാല കബഡി ചാംപ്യൻഷിപ്പ് കരസ്ഥമാക്കി. ലീഗിലെ അവസാന മൽസരത്തിൽ സെയ്ന്റ് മേരീസ് ഇരിങ്ങാലക്കുട ക്രൈസ്റ്റിനെ പരാജയപ്പെടുത്തി (45-10). പാലക്കാട് മേഴ്സി കോളജിനാണ് മൂന്നാം സ്ഥാനം.

അന്തർ സർവകലാശാല മൽസരത്തിനുള്ള യൂണിവേഴ്സിറ്റി ടീമിനെ സെയ്ന്റ് മേരീസിലെ ജിജി മാത്യു നയിക്കും. ടീം:. സി. ടി. ലില്ലി, ടി. വി. സവിത, ഭാഗ്യ ആലപ്പാട്ട്, എം. എസ്. സിന്ധു, ആശാ ജോർജ്, സി. എസ്. സന്ധ്യ ( സെയ്ന്റ് മേരീസ്), സിനി, നിഷ അഗസ്റ്റിൻ (ഇരിങ്ങാലക്കുട ക്രൈസ്റ്റ്), പി. പ്രിൻസി, (പാലക്കാട് മേഴ്സി), നസീമ (ഇരിങ്ങാലക്കുട സെയ്ന്റ് ജോസഫ്സ്), പൊൻമലർ (പാലക്കാട് വിക്ടോറിയ).



മനോരമ

കാലിക്കറ്റ് സർവകലാശാല കബഡി ചാംപ്യൻഷിപ്പിൽ ജേതാക്കളായ തൃശൂർ സെയ്ന്റ് മേരീസ് കോളജ് ടീം പ്രിൻസിപ്പൽ സിസ്റ്റർ ബെറ്റ്സി അൽഫോൻസയോടൊപ്പം.

1999 ഒക്ടോബർ 16 ശനി



സീനിയർ വിഭാഗത്തിൽ 100, 800 മീറ്റർ ഫ്രീ സ്റ്റൈൽ, 200 മീറ്റർ ബാക്ക് സ്ട്രോക്ക് എന്നിവയിൽ ഒന്നാം സ്ഥാനം നേടിയ തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ വി. രമ്യ.

# ദീപിക

1999 നവംബർ 4 വ്യാഴം



കാലിക്കട്ട് യൂണിവേഴ്സിറ്റി എം.എസ്സി. മാത്തമാറ്റിക്സ് പരീക്ഷയിൽ ഒന്നാംറാങ്ക് നേടിയ മേരി ജാസ്മിൻ (സെന്റ് മേരീസ് കോളജ്, തൃശൂർ). കല്ലൂർ ആലപ്പാട്ട് പാലത്തിങ്കൽ ജോസിന്റെയും (ഇറിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, മെക്കാനിക്കൽ) തൃക്കൂർ സർവോദയ ഹൈസ്കൂൾ ഗണിതശാസ്ത്ര അധ്യാപിക ആനിയുടെയും മകളാണ്.

1999 നവംബർ1 തിങ്കൾ



തൃശൂർ സെന്റ് മേരീസ് കോളജ് നോൺ ടീച്ചിംഗ് വിഭാഗത്തിൽനിന്ന് വിരമിച്ച വി.വി.മേരി (മുകളിൽ), വി.ജെ.ആലീസ് (താഴെ).



മാതൃഭൂമി

1999നവംബർ10 ബുധൻ



സുന്ദരം, വിചിത്രം: മാതൃഭൂമി കലോത്സവ് - 2000ത്തിൽ തൃശ്ശൂർ സെൻറ് മേരീസ് കോളേജ് ടീം അവതരിപ്പിച്ച ഫാഷൻഷോ

1999നവംബർ10 ബുധൻ



വെസ്റ്റേൺ മ്യൂസിക്ക് മൂന്നാം സ്ഥാനം: സെൻറ് മേരീസ് തൃശൂർ

മാതൃഭൂമി

1999 നവംബർ 28 ഞായർ

ഗ്രൂപ്പ് ഡാൻസ് – സിനിമാറ്റിക്: സെൻറ് മേരീസ്, തൃശ്ശൂർ: ധന്യ എം., ധന്യ ഉണ്ണികൃഷ്ണൻ, സുമിത ടോണി, രചന എം., സീന്ന ചന്ദ്രൻ, മഞ്ജു കെ., അനിത കൃഷ്ണൻ, സിതാരാ ശ്രീധരൻ.

'ദിൽസെ' എന്ന ഹിന്ദി ചലച്ചിത്രത്തിലെ 'ജിയചലേ...' എന്നു തുടങ്ങുന്ന ഹിറ്റ് ഗാനത്തിനൊപ്പിച്ച് നൃത്തം വെച്ച തൃശ്ശൂർ സെൻറ് മേരീസ് കോളേജ് വിദ്യാർഥി

നികൾ സിനിമാറ്റിക് ഡാൻസിൽ ഒന്നാം സമ്മാനാർഹരാ

## ഇവർ ജേതാക്കൾ

'മാതൃഭൂമി കലോത്സവ് – 2000' മെഗാ മത്സരത്തിൽ സമ്മാനാർഹരായ കോളേജും ടീമംഗങ്ങളും. (ഒന്നും രണ്ടും മൂന്നും സ്ഥാനക്രമത്തിൽ)

ഫാഷൻ ഷോ: സെൻറ് തെരേസാസ്, എറണാകുളം – രമ്യ ആർ., ഷാരോൺ ഇ. അലക്സാണ്ടർ, ശ്രുതി ജോസഫ്, ട്രിനിറ്റി ജാക്സൺ, സുചിത്ര നായർ, നിത്യ കുര്യാക്കോസ്, ജസ്സ് മോൾ തോമസ്, ലക്ഷ്മി സുരേന്ദ്രൻ.

സെൻറ് മേരീസ്, തൃശ്ശൂർ: ആർ. ജയലക്ഷ്മി, കെ. മഞ്ജു, രമ്യ ചീരൻ, മരിയ കാപ്പൻ, ജെ.എസ്. അരീന, ലനിയ സണ്ണി, നീനു കവലക്കാട്ട്, വിനീതാ ശശി മേനോൻ.

മലയാള മനോരമ

1999 നവംബർ 17 ബുധൻ



കാലിക്കറ്റ് സർവകലാശാല എം.എസ്സി മാത്തമാറ്റിക്സ് പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ ടി. സ്മിത( തൃശൂർ സെയ്ന്റ് മേരീസ് കോളജ്).

മാതൃഭൂമി

1999 നവംബർ 28 ഞായർ





ഗ്രൂപ്പ് ഡാൻസ് സിനിമാറ്റിക് ഒന്നാംസ്ഥാനം:
സെന്റ്മേരീസ് കോളേജ് തൃശൂർ

മാതൃഭൂമി

1999 നവംബർ 28 ഞായർ



ഫാഷൻഷോ: സെൻറ് മേരീസ് തൃശൂർ

# മാതൃഭൂമി

1999 നവംബർ 28 ഞായർ




സിനിമാറ്റിക്ക് ഗ്രൂപ്പ്ഡാൻസ്: സെൻറ്മേരീസ് തൃശൂർ

മലയാള മനോരമ

2000 ജാനുവരി 29 ശനി



ഗിറ്റാർ, ഹർമോണിയം(വെസ്റ്റേൺ) എന്നിവയിൽ ഒന്നാം സ്ഥാനവും വയലിൻ, ഹർമോണിയം(ഈസ്റ്റേൺ) എന്നിവയിൽ മൂന്നാം സ്ഥാനവും ലഭിച്ച തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ അഞ്ജു ടി. ചുങ്കത്ത്.

മലയാള മനോരമ

2000 ജാനുവരി 31 തിങ്കൾ

# കാലിക്കറ്റ് സ്പോർട്സ് കോൺവൊക്കേഷൻ ഇന്നു രണ്ടരക്ക്

കോഴിക്കോട്: കാലിക്കറ്റ് സർവകലാശാലയിൽ കഴിഞ്ഞ വർഷം കായിക രംഗത്ത് ഏറ്റവും കൂടുതൽ നേട്ടങ്ങൾ കൈവരിച്ച കോളജുകൾക്കുള്ള ചാമ്പ്യൻ പദവി പുരുഷ വിഭാഗത്തിൽ തൃശൂർ സെന്റ് തോമസ് കോളജും വനിതാ വിഭാഗത്തിൽ തൃശൂർ സെന്റ് മേരീസ് കോളജും കരസ്ഥമാക്കി. ഇവർക്കുള്ള ട്രോഫികൾ ഇന്ന് ഉച്ചക്ക് 2.30 ന് കാലിക്കറ്റ് സർവകലാശാലയിൽ നടക്കുന്ന സ്പോർട്സ് കോൺവൊക്കേഷനിൽ വൈസ് ചാൻസലർ ഡോ. കെ. കെ. എൻ. കുറുപ്പ് വിതരണം ചെയ്യും.

കായിക രംഗത്ത് ഏഴ് അഖിലേന്ത്യാ പട്ടങ്ങൾ നേടിയവർ ഉൾപ്പെടെ 75 താരങ്ങൾക്ക് ഇന്ന് ബിരുദദാനം നടത്തും. കഴിഞ്ഞ വർഷം കാഷ് അവാർഡ് നേടിയവർക്കും സ്കോളർഷിപ്പ് നേടിയവർക്കുമുള്ള സമ്മാനങ്ങളും ട്രാക്ക് സ്യൂട്ടുകളും വിതരണം ചെയ്യും.

മലയാള മനോരമ

2000 ജാനുവരി 28 വെള്ളി

# ധന്യ തിലകപട്ടം നിലനിർത്തി;



**കലാതിലകം**
എം. ധന്യ
സെയ്ന്റ് മേരീസ് കോളജ്,
തൃശൂർ

ചാലക്കുടി: രണ്ടായിരത്തിലധികം വിദ്യാർഥികൾ പങ്കെടുത്ത കാലിക്കറ്റ് സർവകലാശാല ഡി സോൺ യുവജനോൽസവത്തിൽ തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ ഡിഗ്രി ഒന്നാംവർഷ വിദ്യാർഥിനിയായ എം. ധന്യ കലാതിലകമായി. കേരളവർമ കോളജിലെ ബി.കോം. രണ്ടാം വർഷ വിദ്യാർഥിയായ പി.കെ. സുനിൽകുമാറാണ് കലാപ്രതിഭ.

കേരളവർമ കോളജിലെ രണ്ടാം വർഷ പ്രീ ഡിഗ്രി വിദ്യാർഥിയായ നബീൽ മുഹമ്മദ് സ്റ്റേജിതര ഇനങ്ങളിലെ മികച്ച പ്രകടനത്തിലൂടെ സർഗപ്രതിഭയായി. ചിത്രപ്രതിഭപട്ടം തൃശൂർ മെഡിക്കൽ കോളജിലെ സംഗീത ബി. കൃഷ്ണയ്ക്കാണ്.

തുടർച്ചയായ രണ്ടാം വർഷമാണ് എം. ധന്യ കലാതിലകപട്ടമണിയുന്നത്. ഓട്ടൻതുള്ളലിൽ ഒന്നാംസ്ഥാനവും കഥകളി, നാടോടിനൃത്തം, മോണോ ആക്ട് എന്നിവയിൽ രണ്ടാം സ്ഥാനവുമടക്കം 14 പോയിന്റ് ധന്യ സ്വന്തമാക്കി. ഗ്രൂപ്പ് ഡാൻസിൽ ഒന്നാം സ്ഥാനവും ധന്യ ഉൾപ്പെട്ട സെയ്ന്റ് മേരീസ് കോളജ് ടീമിനാണ്.

സെയ്ന്റ് മേരീസ് കോളജിലെ ഒന്നാം വർഷ പ്രീ ഡിഗ്രി വിദ്യാർഥിനി അഞ്ജു ടി. ചുങ്കത്താണ് ധന്യക്ക് തൊട്ടുപിന്നിൽ. അഞ്ജുവിന് 12 പോയിന്റ് ലഭിച്ചു.

ചലച്ചിത്രതാരത്തിന്റെ 'ഗ്ലാമറു'മായാണ് ധന്യ യുവജനോൽസവ വേദിയിലെത്തിയത്. പഠനത്തിനും കലാരംഗങ്ങളിലെ പരിശീലനത്തിനുമിടയ്ക്ക് ചലച്ചിത്രങ്ങളിൽ ചെറിയ വേഷങ്ങളിൽ അഭിനയിക്കുന്നു. അന്തരിച്ച സംവിധായകൻ ഭരതനാണ് ആദ്യം സിനിമയിൽ എത്തിക്കുന്നത്.

അത്താണി മിണാലൂർ മാളിക്കത്ത് വീട്ടിൽ സേതുമാധവന്റെ മകളായ ധന്യ ഒന്നാം വർഷ ബി.എ. സാമ്പത്തികശാസ്ത്രം വിദ്യാർഥിനിയാണ്.

തബല, ട്രിപ്പിൾ, മിമിക്രി എന്നിവയിലെ ഒന്നാം സ്ഥാനവും മോണോ ആക്ടിലെ മൂന്നാം സ്ഥാനവുമടക്കം 16 പോയിന്റ് നേടിയാണ് കേരളവർമ കോളജിലെ പി.കെ. സുനിൽകുമാർ കലാപ്രതിഭയായത്. സമൂഹഗാനം, മൈം, നാടകം എന്നിവയിലും സുനിൽകുമാർ പങ്കെടുത്തു.

കഴിഞ്ഞ വർഷത്തെ കലാപ്രതിഭയായ കേരളവർമ കോളജിലെ ആർ.എം. ഷിഹാബ് 10 പോയിന്റുമായി സുനിൽകുമാറിനു പിന്നിലായി. കുച്ചിപ്പുടി, നാടോടിനൃത്തം എന്നിവയിൽ ഒന്നാംസ്ഥാനം നേടിയെങ്കിലും ഭരതനാട്യത്തിൽ സമ്മാനങ്ങൾ ലഭിക്കാതെ പോയതാണ് ഷിഹാബിനെ കലാപ്രതിഭപട്ടത്തിൽനിന്ന് അകറ്റിയത്. അവസാന വർഷ ബി.കോം. വിദ്യാർഥിയാണ് ഷിഹാബ്.

മോണോ ആക്ട്, മിമിക്രി ഇനങ്ങളിൽ നിലവിലുള്ള ഇന്റർസോൺ ഒന്നാം സ്ഥാനക്കാരനായ സുനിലിന് ഇവിടെ മോണോ ആക്ടിൽ മൂന്നാം സ്ഥാനമേ നേടാനായുള്ളൂ.

സുനിൽ നേതൃത്വം നൽകിയ കേരളവർമ കോളജ് ടീം നാടകത്തിലും ഒന്നാംസ്ഥാനം നേടി. ആറോളം വേഷങ്ങളാണ് ഈ നാടകത്തിൽ സുനിൽ ചെയ്തത്. നവജാതശിശു മുതൽ സർക്കസുകാരനും വഴക്കാളിയായ ഭാര്യയും വരെ അവതരിപ്പിച്ചു.

ജവഹർ ബാലഭവനിലെ അധ്യാപകനായ ഉണ്ണിരാജാണ് തബലയിൽ സുനിൽകുമാറിന്റെ ആദ്യ ഗുരു. പിന്നീട് ഫ്രാൻസിസിന്റെ കീഴിൽ പരിശീലനം നേടി. ട്രിപ്പിൾ ഷോമി ഡേവിഡും റ... കം, മോണോ ആക്ട് എന്നിവ ജവഹ... ബാലഭവനിലെ ബാലകൃഷ്ണനുമാ... പരിശീലിപ്പിക്കുന്നത്.

'ട്രാൻസ് ഓർക്കസ്ട്ര'യുടെ ഗാന... ള ട്രൂപ്പിൽ തബല ആർട്ടിസ്റ്റാണ്. 'ഫൺസ് കേരള'യുടെ മിമിക്സ് ട്രൂപ്പിലും സുനിൽ അംഗമാണ്. ജില്ലാ സ്കൂൾ യുവജനോൽസവത്തിൽ തുടർച്ചയായി നാലുവട്ടം കലാപ്രതിഭയായ സുനിൽ ആദ്യമായാണ് യൂണിവേഴ്സിറ്റി കലാപ്രതിഭപട്ടമണിയുന്നത്. കലാരംഗത്ത് മികവ് കാട്ടുന്നവർക്കുള്ള രാഷ്ട്രപതിയുടെ പ്രഥമ 'ബാലശ്രീ അവാർഡ്' 95-ൽ സുനിൽകുമാറിനായിരുന്നു. അയ്യന്തോൾ പുളിയാനി വീട്ടിൽ കണ്ടൻകുട്ടിയുടെ മകനാണ്.സർഗപ്രതിഭയായ നബീൽ മുഹമ്മദ് അറബി കവിതാരചന, ഉപന്യാസം, പ്രസംഗം, കഥാരചന എന്നിവയിൽ ഒന്നാംസ്ഥാനവും ഉറുദു പ്രസംഗം, ഉപന്യാസരചന എന്നിവയിൽ രണ്ടാം സ്ഥാനവും നേടി. ഉർദു കവിതയിൽ നബീലിന് മൂന്നാം സ്ഥാനമാണ്. ആകെ 27 പോയിന്റ് ലഭിച്ചു.ചാലക്കുടി പനമ്പിള്ളി കോളജിലെ എ.എ. ഷംസുദ്ദീനാണ് പുറകിൽ.

മലയാള മനോരമ

2000 ജനുവരി 28 വെള്ളി

# മനോരമ മിലേനിയം ക്വിസ്: സെയ്ന്റ് തോമസ് ജേതാക്കൾ; സെയ്ന്റ് മേരീസ് രണ്ടാമത്


തൃശൂർ: മലയാള മനോരമ ക്യാംപസ് ലൈനും മനോരമ മലയാളം ഇയർബുക്കും ചേർന്ന് സംഘടിപ്പിച്ച മിലേനിയം ക്വിസിന്റെ ജില്ലാതല മത്സരത്തിൽ തൃശൂർ സെയ്ന്റ് തോമസ് കോളജ് ജേതാക്കളായി. തൃശൂർ സെയ്ന്റ് മേരീസിനാണ് രണ്ടാം സ്ഥാനം. ടി.കെ.ഹാഫിസും ജെയ്ൻ ജെ.തെറാട്ടിലുമാണ് സെയ്ന്റ് തോമസിലെ പ്രതിനിധാനം ചെയ്തത്. സമീറാ മുഹമ്മദും ജോയ്സ് ജോസഫുമായിരുന്നു സെയ്ന്റ് മേരീസിനായി പങ്കെടുത്തത്.




18 കോളജുകൾ പങ്കെടുത്ത പ്രാഥമിക റൗണ്ടിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ്, ചിന്മയ മിഷൻ കോളജ്, സെയ്ന്റ് മേരീസ്, സെയ്ന്റ് തോമസ് എന്നിവയാണ് ഫൈനൽ റൗണ്ടിൽ പങ്കെടുത്തത്.

ഒന്നാം സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റും 1000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റും 500 രൂപയും സെയ്ന്റ് മേരീസ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ബെറ്റ്സി അൽഫോൻസ് വിതരണം ചെയ്തു. കോട്ടയത്തു നടക്കുന്ന സെമി ഫൈനലിൽ സെയ്ന്റ് തോമസ് കോളജ് ജില്ലയെ പ്രതിനിധാനം ചെയ്യും.

ക്രൈസ്റ്റ് കോളജ് മുൻ പ്രിൻസിപ്പലും അമല ആശുപത്രി സ്ഥാപക ഡയറക്ടറുമായ ഫാ. ഗബ്രിയേൽ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു. മലയാള മനോരമ തൃശൂർ യൂണിറ്റ് കോ ഓർഡിനേറ്റിങ് എഡിറ്റർ പി. എ. കുരിയാക്കോസ് അധ്യക്ഷത വഹിച്ചു. കോളജ് യൂണിയൻ വൈസ് ചെയർപേഴ്സൺ ഷാലറ്റ് ജിമ്മി, പോൾ മണലിൽ, ജോർജ് വർഗീസ് എന്നിവർ പ്രസംഗിച്ചു.



മനോരമ മലയാളം ഇയർബുക്കും ക്യാംപസ് ലൈനും ചേർന്ന് നടത്തുന്ന മിലേനിയം ക്വിസിന്റെ ജില്ലാതല മത്സരം തൃശൂർ സെയ്ന്റ് മേരീസ് കോളജിൽ ഫാ.ഗബ്രിയേൽ ഉദ്ഘാടനം ചെയ്യുന്നു. മനോരമ യൂണിറ്റ് കോ-ഓർഡിനേറ്റിങ് എഡിറ്റർ പി.എ.കുരിയാക്കോസ്, പ്രിൻസിപ്പൽ സിസ്റ്റർ ഡോ.ബെറ്റ്സി അൽഫോൻസ്, വൈസ് ചെയർപേഴ്സൺ ഷാലറ്റ് ജിമ്മി എന്നിവർ സമീപം. മനോരമ

മലയാള മനോരമ

2000 ജാനുവരി 28 വെള്ളി



സംഘനൃത്തത്തിൽ ഒന്നാംസ്ഥാനം നേടിയ തൃശൂർ സെയ്ന്റ് മേരീസ് കോളജ് ടീം.

2000 ജാനുവരി 5 ബുധൻ

# സൈക്ലിങ്: സെയ്ന്റ് മേരീസ് ചാംപ്യൻമാർ

തൃശൂർ: കാലിക്കറ്റ് സർവകലാശാല വനിതാ സൈക്ലിങ് ചാംപ്യൻഷിപ്പിൽ 37 പോയിന്റുമായി സെയ്ന്റ് മേരീസ് കോളജ് ചാംപ്യൻഷിപ്പ് കരസ്ഥമാക്കി. വിമല കോളജാണ് റണ്ണേഴ്സ്-അപ്. സെയ്ന്റ് മേരീസിലെ സി.ടി. ലില്ലിയും എം.എസ്. സിന്ധുവും വ്യക്തിഗത ചാംപ്യന്മാരായി.

ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരുടെ പേരുവിവരം: 1000 മീ. ടൈംട്രയൽ- സി.ടി. ലില്ലി, എം.എസ്. സിന്ധു, വിദ്യാലക്ഷ്മി (എല്ലാവരും സെയ്ന്റ് മേരീസ്). 3000 മീ. ഇൻഡിവിഡ്വൽ പെർസ്യൂട്ട്- സി.ടി. ലില്ലി, എം.എസ്. സിന്ധു, വിദ്യാലക്ഷ്മി (എല്ലാവരും സെയ്ന്റ് മേരീസ്). 1000 മീ. മാസ് സ്റ്റാർട്ട്- എം.എസ്. സിന്ധു, പി.വി. സവിത, സി.ടി. ലില്ലി (എല്ലാവരും സെയ്ന്റ് മേരീസ്). 1600 ടീം ടൈംട്രയൽ- തൃശൂർ സെയ്ന്റ് മേരീസ് കോളജ്, തൃശൂർ വിമല കോളജ്.

കായികം

മലയാള മനോരമ

2 2000 ഫെബ്രുവരി 21 തിങ്കൾ

ക്യാംപസ് ലൈൻ–സെയ്ന്റ് മേരീസ് കോളജ്, തൃശൂർ


# വെർണാകുലർ പ്രഭുവും ക്രോസിനും പിന്നെ...


ലേഖ സൈമൺ, പി.ജി.ഇന്ദു, കെ.വി.സരിത

മൂന്നാം വർഷ ഇക്കണോമിക്സ്


*അറിയിപ്പ്:* ഈ ലേഖനത്തിലെ സംഭവങ്ങളും കഥാപാത്രങ്ങളും തീർത്തും സാങ്കൽപികമാണ്. ഇതിന് ഏതെങ്കിലും വിധത്തിൽ മറ്റുള്ളവയുമായ് സാമ്യമുണ്ടെങ്കിൽ അത് തികച്ചും യാദൃച്ഛികമാണ്.

സ്ഥലം: കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തിന്റെ ഹൃദയഭാഗത്തായ് സ്ഥിതിചെയ്യുന്ന ഒരു കോളജ്.

സന്ദർഭം: കലിയുഗത്തിലെ കംപ്യൂട്ടർ വിപ്ലവത്തിന്റെ കാലഘട്ടം. വാലന്റൈൻസ് 'വാരാ'ഘോഷം തിമിർത്താസ്വദിക്കുന്ന ക്യാംപസുകൾ.

യു.ജി.സി.പ്രഭുവിന്റെ ഏക പുത്രിയാണ് സുന്ദരിയായ വികട സരസ്വതിയിൽ പിഎച്ച്.ഡി.യും കഴിച്ച് ഇപ്പോൾ ലോകത്തുള്ള സകല ധനകാര്യ സ്ഥാപനങ്ങളെയും തന്റെ ചൂണ്ടുവിരലിൽ കെട്ടി പാവക്കൂത്തു നടത്താനായ് ധനതത്വശാസ്ത്രത്തിൽ സത്യാന്വേഷണ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന മിസ്സ്.മന്ദാകിനി.

അക്കൊല്ലം വാലന്റൈൻസ് ദിനം ഞായറാഴ്ച്ചയായതിൽ ഏറ്റവും സന്തോഷിച്ചത് മന്ദാകിനിയും കൂട്ടരുമാണ്. എന്നാൽ മിക്ക കോളജിലും തിങ്കളാഴ്ച്ച ആ ദിനം അത്യാഹ്ലാദപൂർവ്വം ആഘോഷിച്ചു എന്ന പത്രവാർത്ത ഒരു നടുക്കത്തോടെയാണ് നമ്മുടെ നായികയും കൂട്ടരും എതിരേറ്റത്. ഇതിനെതിരെ ഒരു ഉന്നതതല അസൂയ കമ്മിഷൻവരെ നിയോഗിക്കപ്പെട്ടു.

തലസ്ഥാനമെന്നപരനാമത്തിലറിയപ്പെടുന്ന കാന്റീനിൽ 'ചർച്ച, മീറ്റിങ്' മിസ് അനസൂയ ഒരു കപ്പ് ചായവാങ്ങിക്കുടിച്ച് ഉദ്ഘാടിച്ചു. തലസ്ഥാനത്തേക്ക് 'നടരാജ'യിൽ പാഞ്ഞ പലർക്കും നിരാശരായി മടങ്ങേണ്ടിവന്നു. അവർക്കൊന്നും സീറ്റ് തികഞ്ഞില്ലാന്നാണ് പിന്നീടറിവായത്. ചായകോപ്പയിലെ കൊടുങ്കാറ്റായ് പ്രശ്നം ആഞ്ഞടിച്ചു. കോപ്പകൾ പലതും ഒഴിഞ്ഞു. എന്നിട്ടും പ്രശ്നപരിഹാരമായില്ല.

എങ്ങനെയോ കാര്യം മണത്തറിഞ്ഞ ബോട്ടണിയിലെ കെയ്റ്റ് വിൻസ്ലറ്റ് ഒരു പിടി 'ബട്ടർ കപ്പ്' പുഷ്പങ്ങളുമായ് അവരെക്കാണാനെത്തിയതും പിന്നീടൊരു വിവാദമായ്തീർന്നു. ''പണത്തിന്റെയും ചോദനത്തിന്റെയും '0' വടത്തിൽക്കഴിയുന്നയെന്നെ മനഃപൂർവ്വം, ശാസ്ത്രനാമം പോലുമറിയാത്ത ഒരു പിടി പുഷ്പങ്ങളുടെ മോഷ്ടാവാക്കുക'' എന്നതാണ് കെയ്റ്റിന്റെ ഉദ്ദേശ്യമെന്ന് മന്ദാകിനി ആരോപിച്ചു. ആന്റി. പൂപറിക്കൽ സംഘടനയുടെ വിലാപകാവ്യങ്ങളെ സദാ ശിരസാവഹിക്കുന്നവളായിരിക്കും താനെന്ന് മന്ദാകിനി ഊന്നി പറയുകയുണ്ടായി.

ഒരു കപ്പ് ചായകുടിക്കാമെന്നു കരുതി നയതന്ത്രജ്ഞകൂടിയായ പാലാക്കാരി മറിയാമോൾ അവിടെ വന്നു പെട്ടപ്പോൾ തന്റെ കൂട്ടുകാർ ഗഹനമായി എന്തോ ചർച്ചചെയ്യുന്നതാണ് കണ്ടത്. കുശലം തിരക്കുന്ന ഭാവേന ചോദിച്ചു, ''എന്തോന്നാ ഇത്ര കാര്യായിട്ട്'' മറുപടിയായ് കൂട്ടത്തിലെ ചിലച്ചാട്ടി മേരിക്കുട്ടി മൊഴിഞ്ഞു:''ഏയ് ഒന്നൂല്ല്യ, കുശുമ്പും കുനുഷ്ട്ടും എങ്ങനെ പരിഹരിക്കാം എന്ന് ചിന്തിക്കായിരുന്നൂ.'' അതിനിപ്പോ എല്ലാവരുംകൂടി ച്ചിന്തിക്കേണ്ട കാര്യോണ്ടോ? ഒന്നോ രണ്ടോ ക്രോസിൻ വാങ്ങിക്കഴിച്ചാൽ സംഗതിക്ലിനാവില്ലേ!

*പിന്നാമ്പുറം: ഒരു മിനി ഡോക്ടർകൂടിയായ മറിയാമോൾക്ക് സ്വന്തമായ മെഡിക്കൽ ഷോപ്പുണ്ടെന്നാണറിവ്. ഏതൊരസുഖത്തിനും ക്രോസിൻ വിധിക്കുന്ന മറിയാമോളുടെ ഒറ്റമൂലി പ്രയോഗംകൊണ്ട് മന്ദാകിനിക്കും കൂട്ടുകാർക്കും അല്പാശ്വാസമായെന്ന് ക്യാംപസിലെ ചൂടുള്ളവാർത്ത.*

സ്ഥലം: അതേ ക്യാംപസ്

സന്ദർഭം : കർക്കടകത്തിന്റെ നനവിലും ചിങ്ങത്തിന്റെ കുളിർമയിലും ഇഴുകിചേർന്ന ക്യാംപസ്. ഇന്ത്യാചരിത്രം അരച്ച് കലക്കി കുടിച്ച് പരീക്ഷയെഴുതാൻ കാത്തിരിക്കുന്ന വിദ്യാർഥിനിഗണങ്ങൾ.

നിറമുള്ള സ്വപ്നങ്ങൾ കണ്ടുനടന്ന് ചരിത്രത്തിന്റെ ഏതാനും പേജുകൾപോലും മറിച്ചുനോക്കാതെയാണ് മന്ദാകിനിയും കൂട്ടരും അന്ന് കോളജിൽ എത്തിയത്. ബുദ്ധി ഒരു ശാപമായ് തീർന്നവർ തലയുയർത്താതെ പുസ്തകത്തിലെ കറുത്തയക്ഷരത്തിലേക്ക് നോക്കി എന്തൊക്കെയോ പുലമ്പിക്കൊണ്ടിരുന്നു.

പെണ്ണെഴുത്തിനെതിരെ വായിട്ടടിക്കുന്നവൻമാരുടെ ജിഹ്വകൾ പറിച്ചെടുക്കണമെന്ന് ഉറക്കെ പ്രസംഗിക്കുന്ന ഐ.എസ്.ഐ സംഘടനയുടെ തലൈവി മിസ് ദാക്ഷായണി അതുവഴിയെത്തി അത്യാവശ്യം വന്നേക്കാവുന്ന ചോദ്യം നായക്കെറിഞ്ഞുകൊടുക്കുന്നത് പോലെ, കൊടുത്തേച്ച് പോയി. റിപ്പൺപ്രഭുവിന്റെ ഭരണപരിഷ്കാരങ്ങൾ കടിച്ചുപറിക്കുകയായിരുന്നു മന്ദാകിനിയും കൂട്ടരും. കോളജിന്റെ വാനംപാടിയായ വിദ്യാവിലാസിനി അതുവഴി കടന്നുപോകവെ വെറുതെ ചോദിച്ചു,''വല്ലതുമായോ?'' ''പിന്നില്ലാതെ, വെർണാകുലർ പ്രസ്സ് ആക്റ്റ് പിൻവലിച്ചത് വരെയായി'' മറുപടിയായ് വീണ്ടും ചിലച്ചാട്ടി മൊഴിഞ്ഞു.



പരീക്ഷ കഴിഞ്ഞു. ഓണോം കഴിഞ്ഞു. ഉത്തരക്കടലാസ് കൊടുക്കവേ ടീച്ചർ മന്ദാകിനിയെ അടുത്തേക്ക് വിളിച്ചു. തിരികെ വരുമ്പോൾ കൂട്ടുകാർ വളഞ്ഞു. കാരണത്തിനായ് കൈയിൽ കിട്ടിയ ഉത്തരക്കടലാസ് മറിച്ച് നോക്കിയവരിൽ പലർക്കും ബോധക്ഷയം വരെയുണ്ടായി. അതിൽ ഇങ്ങനെയെഴുതപ്പെട്ടിരുന്നുത്രെ:''വെർണാകുലർ എന്ന പ്രഭുവാണ് വെർണാകുലർ പ്രസ്സ് ആക്റ്റ് കണ്ടുപിടിച്ചത്. പിന്നീടതാരോ തട്ടിയെടുക്കുകയാണുണ്ടായത്. റിപ്പൺപ്രഭുവില്ലേൽ കാണാമായിരുന്നു. അദ്ദേഹമാണ് അത് തിരികെ കൊണ്ടുവന്നത്.

*പിന്നാമ്പുറം: അന്ന് ബോധക്ഷയം സംഭവിച്ച ചിലർ ഇപ്പോഴും കോമയിലാണ്. ബോധം തിരിച്ചുകിട്ടിയവർ മന്ദാകിനിയെ വീണ്ടുംകാണുമ്പോൾ പിന്നെയും അതേ രോഗലക്ഷണങ്ങൾ കാണിക്കുന്നു.*

(തുടരും)

മലയാള മനോരമ

2000 ഫെബ്രുവരി 21 തിങ്കൾ

**സാക്ഷാത്കാരം**

ഡെല്ല എബ്രഹാം
സൽമ മർക്കോസ്
ലൂസി പോൾ(ലക്ചറർ,കെമിസ്ട്രി)

■ കവിത

## സന്ധ്യയുടെ ചിരി

എം.ആർ. മൃദുല
രണ്ടാം വർഷ പ്രീഡിഗ്രി

രാത്രിക്കു ജന്മം കൊടുക്കുന്ന-
സന്ധ്യയുടെ ചോരത്തുള്ളികൾ
വീണലിഞ്ഞ മഴവെള്ളത്തിൽ ഒഴുകിയ
എന്റെ കടലാസുതോണികൾ
തകരുന്നതു നോക്കിയിരുന്നപ്പോൾ
ചിരിക്കണമെന്നു തോന്നി
പക്ഷേ, കണ്ണുകൾ നനയുകയായിരുന്നു.
മനസ്സിൽ പടുത്തുയർത്തിയ
കനവിന്റെ കൂടാരങ്ങൾ
വിധിയുടെ കാറ്റിൽ
വീണു തകർന്നപ്പോൾ
ഞാനുറക്കെച്ചിരിച്ചു.
പക്ഷേ-
അതെന്റെ തേങ്ങൽ
ആരും കേൾക്കാതിരിക്കാനായിരുന്നു.
കാൽച്ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ്
സ്വതന്ത്രയായപ്പോൾ
എന്റെ നേർക്കുയർന്ന
ഭംഗിയുള്ള വിരലുകൾ അലറിയത്
എനിക്കു ഭ്രാന്താണെന്നായിരുന്നു.
അന്ന് - ഞാൻ പൊട്ടിക്കരഞ്ഞു.
അപ്പോൾ - എന്റെയുള്ളിൽ ഒരു
പൊട്ടിച്ചിരി കിലുങ്ങുകയായിരുന്നു.
ഇരുളിന്റെ പേറ്റുനോവനുഭവിക്കുന്ന
രക്തം വാർന്നൊലിക്കുന്ന
ഈ സന്ധ്യയുടെ വിളറിയ മുഖത്ത്
കണ്ണീരിൽ കുതിർന്ന ചിരിയാണ്
ഞാൻ കണ്ടത്...

# അനുഗ്രഹപ്പൂമഴയുമായി ഒരു ശ്രീകോവിൽ

ടി.എ. മഞ്ജു
രണ്ടാം വർഷ മാത്സ്

പായൽ പുതഞ്ഞ കൊച്ചുറവയിലൂടെ ഒഴുകിവീഴുന്ന ജലകണങ്ങൾ തീർത്ത കൊച്ചുതടാകത്തിൽ ഗ്രോട്ടോയുടെ മുകളിൽ പൂത്തുലഞ്ഞുകിടക്കുന്ന ബോഗൻവില്ലയിൽ നിന്നുതിരുന്ന പൂക്കൾ നീന്തിത്തുടിക്കുന്നു. അതുപോലെ, ഗ്രോട്ടോയ്ക്കകത്തുനിന്നു പൂപ്പുഞ്ചിരി വിടർത്തുന്ന പരിശുദ്ധ മാതാവിന്റെ സ്നേഹതീർഥം തീർക്കുന്ന അനുഗ്രഹ തടാകത്തിൽ, ഈ കലാലയത്തിലെ ഓരോ ഹൃദയവും കൗമാരത്തിന്റെ വർണ്ണോൽസവങ്ങൾക്കു നടുവിൽ ശാന്തിയുടെ ബലിവേദിപോലെ, ഈ സരസ്വതീക്ഷേത്രത്തിന്റെ ശ്രീകോവിൽ. കൃതജ്ഞതകളുടെ, അർഥനകളുടെ, മെഴുകുതിരികളുരുകുന്ന മാതാവിന്റെ ഗ്രോട്ടോ.

തന്റെ ചിറകിൻകീഴിൽ അരുമക്കുഞ്ഞുങ്ങളെ കാത്തുവയ്ക്കുന്ന തള്ളപ്പക്ഷിയെപ്പോലെ ഞങ്ങൾക്കിവിടെ സുരക്ഷിതത്വബോധം തരുന്ന ഒരമ്മയുണ്ട്. അവിടുത്തെ തിരുമുൻപിൽ ഞങ്ങളുടെ പകലുകൾ തുടങ്ങുന്നു. ഈ നടയിൽ അഞ്ജലീബദ്ധരായി ഒരു മാത്രയെങ്കിലും നിൽക്കാതെ കടന്നുപോകുന്നവർ വിരളം.

പരീക്ഷകൾക്കു മുൻപ്, ജീവിത പരീക്ഷണങ്ങൾക്കു നടുവിൽ, പിന്നെ സായാഹ്നത്തിന്റെ നിഴൽ വീഴാൻ തുടങ്ങുമ്പോഴും യാത്ര തുടങ്ങുന്നതിനു മുൻപും ഈ സന്നിധിയിൽ കണ്ണുനീരൊഴുക്കുന്നവർ, മുട്ടുകുത്തി കേഴുന്നവർ, ശിരസ്സു നമിക്കുന്നവർ ഞങ്ങൾ.

നൂപുരമണിയുന്നതിനു മുൻപ്, തംബുരുവിൽ ശ്രുതിയിടുന്നതിനു മുൻപ്, ബൂട്ടുകളണിയുന്നതിനു മുൻപ്, മുഖത്ത് ചായമിടുന്നതിനു മുൻപ്, തൂലിക കൈയിലെടുക്കുന്നതിനു മുൻപ്, ഒൻപതു ദിവസം, ജാതിമതഭേദമെന്യേ ഇവിടെ മുട്ടുകുത്തി, നൊവേന അർപ്പിക്കുന്നവർ ഞങ്ങൾ. ഒരുപക്ഷേ, അല്ല, തീർച്ചയായും ഇതാണ് ഞങ്ങളുടെ വിജയരഹസ്യം. ഓരോ മത്സരത്തിനുശേഷവും ഈ ഗ്രോട്ടോയിൽ പ്രത്യക്ഷപ്പെടുന്ന തിളങ്ങുന്ന ട്രോഫികൾ സാക്ഷി.

അധ്യാപകരായാലും അനധ്യാപകരായാലും വിദ്യാർഥിനികളായാലും രക്ഷിതാക്കളായാലും എന്തിന്? ആകസ്മികമായെത്തിച്ചേരുന്ന അപരിചിതരായാലും ഈ ഗ്രോട്ടോയിൽനിന്നു പ്രസരിക്കുന്ന മുഗ്ധ സ്നേഹകിരണങ്ങളുടെ ആകർഷണ വലയത്തിലകപ്പെടുന്നു. അനുഗൃഹീതനാകുന്നു.

പഴയ വിദ്യാർഥിനികളോട് ഒന്നു ചോദിച്ചുനോക്കൂ. ഈ സമ്പാദ്യമില്ലാത്തവർ കാണില്ല. അതെ! ഈ കലാലയജീവിതത്തിൽ ഞങ്ങളുടെ അമ്മ, ഞങ്ങളുടെ എല്ലാമെല്ലാമായ അമ്മ, ഞങ്ങളുടെ ഹൃദയത്തിൽ പ്രതിഷ്ഠ നേടിയിരിക്കുന്നു.

## എന്റെ വാലന്റൈൻ

ഇ. ഗ്ലോറിയ സണ്ണി
ഒന്നാം വർഷ ഇക്കണോമിക്സ്

ജീവിതമാം തോണിയിൽ
നഷ്ടസ്വപ്നങ്ങൾതൻ-
കനത്ത മാറാപ്പുമേന്തി
ഇഴയുന്നു ഞാൻ.
കരകാണാക്കടലിൻ
പുത്തൻ പ്രതീക്ഷ തൻ-
കോലങ്ങൾ തുന്നിയെൻ
യാത്ര തുടരുന്നു ഞാൻ.
എവിടയോ ആരെയോ
എന്തിനോ മോഹിച്ചു-
എൻ കനത്ത മാറാപ്പിൻ
ഭാരമകറ്റാൻ,
പകുത്തേകിയ സ്നേഹത്തിൻ
മറുവശം കാണാതെ,
ഉടഞ്ഞുപോയൊരു
പളുങ്കുപാത്രമായ്,
എങ്കിലും ഒരിറ്റുസ്നേഹത്തിനായ്-
തുടിച്ചിടുന്നു ഇന്നെൻ
ആർദ്ര ഹൃദയം.
പിന്നെയും വന്നടുത്തു
ഒരു വാലന്റൈൻ ദിനം കൂടി.
എൻ മനസ്സിനായ്
ആരേയും കണ്ടില്ല ഞാൻ.
ആരേയോ തിരഞ്ഞെൻ
മനക്കണ്ണുകൾ കലങ്ങി,
എങ്കിലും പ്രതീക്ഷതൻ
കച്ചിത്തുരുമ്പിനായ്
നമ്രശിരസ്കയായ്
നടന്നടുക്കുന്നു ഞാൻ!

# സെയ്ന്റ് മേരീസിന്റെ ഹൃദയത്തിലൂടെ...

നിഷ ജോസ്
രണ്ടാം വർഷ പ്രീഡിഗ്രി

“വിദ്യാഭ്യാസം എന്നതുകൊണ്ട് ഞാൻ വിവക്ഷിക്കുന്നത് കുട്ടികളിലുള്ള ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ നന്മകളുടേയും പ്രകാശവും വികസനവുമെന്നാണ്.’’ - മഹാത്മാഗാന്ധി

ഇത് സെയ്ന്റ് മേരീസിന്റെ ഹൃദയത്തിലൂടെയുള്ള യാത്രയാണ്. സാംസ്കാരിക പാരമ്പര്യംകൊണ്ടു സമ്പുഷ്ടമായ തൃശ്ശിവപേരൂർ നഗരത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന മാതാവിന്റെ നാമധേയത്തിലുള്ള ഈ കലാലയത്തിലേക്ക് ആദ്യമായി കടന്നുവരുമ്പോൾ മനസു നിറയെ ആശങ്കകളായിരുന്നു. എന്നാൽ വിത്യസ്ത സാഹചര്യങ്ങളിൽ നിന്ന്, വിവിധ ദേശങ്ങളിൽ നിന്നു വന്ന ഞങ്ങൾ താമസിയാതെ തന്നെ കോളജിന്റെയും അതിനോടു ചേർന്നുകിടക്കുന്ന ഹോസ്റ്റലിന്റെയും ഭാഗമായിതീർന്നു. ഒരമ്മയുടെ ചിറകിൻകീഴിൽ ഒരു കുടുംബമായി ഞങ്ങളെ ഒതുക്കിനിർത്തിയത് ഞങ്ങളുടെ സ്വർഗീയ മദ്ധ്യസ്ഥയാണ്. കോളജിലേക്കു കടന്നുവരുന്ന ആരുടെയും ശ്രദ്ധയാകർഷിക്കുന്ന പരിശുദ്ധ ദൈവമാതാവിന്റെ മനോഹരമായ ഗ്രോട്ടോ-അതേ, അതു ഞങ്ങളുടേതുമാത്രമായിരുന്നു. അമ്മയുടെ തിരുനാളുകളെല്ലാം ഞങ്ങൾക്ക് അനുഗ്രഹം ചൊരിയപ്പെടുന്ന വേദികളായി.

‘അറിവും അച്ചടക്കവും’ എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് ഞങ്ങളുടെ കലാലയം വിജയത്തിന്റെ ഭ്രമണപഥത്തിലേക്കു കുതിക്കുകയാണ്. വിദ്യാർഥികളുടെ സർവ്വതോമുഖമായ വളർച്ചയ്ക്കുതകുന്ന ‘സയൻസ് ഫോറ’വും മറ്റു സംഘടനകളും സജീവമായി പ്രവർത്തിക്കുന്നു. വിദ്യ നേടുന്നതോടൊപ്പം കലാരംഗത്തും കായിക രംഗത്തും മികവിന്റെ മുദ്ര പതിപ്പിക്കുന്നതിൽ ഞങ്ങൾ എന്നും മുന്നിലാണ്. ഒരു മാസക്കാലത്തോളം നീണ്ടുനിൽക്കുന്ന ‘ആർട്ട്സ് ഫെസ്റ്റിവൽ’ ഇതിൽ ഒരു മുഖ്യപങ്കു വഹിക്കുന്നു.

സെയ്ന്റ് മേരീസിന്റെ മാത്രം പ്രത്യേകതായി എടുത്തുപറയാവുന്ന മറ്റൊന്നാണ് ‘ബൈബിൾ കലോത്സവം’. ഇതിന്റെ ഭാഗമായി നടത്തുന്ന ‘ബൈബിൾ എക്സിബിഷൻ’ വിദ്യാർഥിനികളുടെ സർഗവാസനകളെ ഉണർത്തുമെന്ന് നിസ്തർക്കം പറയാം.

പഠനത്തിന്റെ വ്യഗ്രതകൾക്കിടയിലും ഉല്ലാസത്തിന്റെ തേൻമഴപൊഴിക്കുന്ന സെയ്ന്റ് മേരീസ് ഡേ ആടിയും പാടിയും ഞങ്ങൾ ആവേശത്തിമിർപ്പിൽ മുഴുകുമ്പോൾ, കൗമാരസ്വപ്നങ്ങളുടെ ഓർമ്മകൾ മുതിർന്നവരുടെ മനസിലും നിറയുന്നു. പ്രതിഭയുടെ മാസ്മരലോകത്തേക്ക് ഞങ്ങളെ കൂട്ടികൊണ്ടുപോകുന്ന ഒരു ദിനം കൂടി-ഞങ്ങളുടെ ഹോസ്റ്റൽ ഡേ. ഇങ്ങനെ ഓരോ ദിനവും കടന്നുപോകുമ്പോൾ ഞങ്ങളറിയുന്നു-ഈ കലാലയം ഞങ്ങളുടെ സ്വന്തമായിക്കഴിഞ്ഞിരിക്കുന്നുവെന്ന്.

പാഠ്യ-പാഠ്യേതര രംഗങ്ങളിലെ മുന്നേറ്റത്തോടൊപ്പം അച്ചടക്കമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിലും സെന്റ് മേരീസ് ശ്രദ്ധപുലർത്തുന്നു. വാക്കിലും പ്രവൃത്തിയിലും നിഴലിക്കുന്ന നിസ്വാർത്ഥമായ സ്നേഹവും സേവനമനോഭാവവും ഇവിടുത്തെ ഓരോ വ്യക്തിയുടേയും പ്രത്യേകതകളാണ്. വരകളും വർണ്ണക്കൂട്ടുകളും അകമ്പടി സേവിക്കാത്ത, ലളിതമായ വസ്ത്രങ്ങളണിയുന്ന ഞങ്ങൾ ഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രകളിലൊന്നായ ശാലീനതയുടെ സന്ദേശവാഹകരാണ്. ഇപ്രകാരം വിജ്ഞാനവും വിവേകവും നിറഞ്ഞ, സംസ്കാരസമ്പന്നരായ, അച്ചടക്കമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്ന ഞങ്ങളുടെ കലാലയം രാഷ്ട്ര പുനർനിർമ്മാണത്തിൽ ചെറുതല്ലാത്ത പങ്കുവഹിക്കുന്നു. ഇവിടെ വിദ്വേഷത്തിന്റെ വിഷവിത്തുകളില്ല. അക്രമ രാഷ്ടീയത്തിന്റെ കാപട്യങ്ങളില്ല; യുവത്വത്തിന്റെ ചാപല്യങ്ങളില്ല; സ്നേഹവും സമാധാനവും സന്തോഷവും നിറഞ്ഞ ഒരു സ്വപ്നഭൂമിയായി എന്റെ കലാലയം എന്നും വിരാജിക്കട്ടെ. എന്റെ സ്വപ്നങ്ങളിലെന്ന പോലെ യാഥാർത്ഥ്യത്തിലും സർവഭൂതഹിതേശ്വരിയായി നീ വാഴുക. ***

മാതൃഭൂമി

2000 മാർച്ച് 3 ബുധൻ

## സെമിനാർ നടത്തി

തൃശൂർ: കേരളത്തിലെ ലൈബ്രറികൾ കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിന് പ്രധാന പ്രതിബന്ധമായി നിൽക്കുന്നത് ഇതുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യയുടെ അഭാവമാണെന്ന് സെൻറ് മേരീസ് കോളേജിൽ, 'ലൈബ്രറി കമ്പ്യൂട്ടർ വത്ക്കരണം പ്രശ്നങ്ങളും പ്രതിവിധികളും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു നമ്മുടെ ലൈബ്രറികളിലെ മലയാള പുസ്തകങ്ങൾ കമ്പ്യൂട്ടറിലാക്കി സൂക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ് ലൈബ്രറി കമ്പ്യൂട്ടർ വത്ക്കരണത്തിലെ മുഖ്യ പ്രശ്നം.

ഇതിനായി പുതിയ സോഫ്റ്റ്‌വെയർ പാക്കേജുകൾ വികസിപ്പിച്ചെടുക്കേണ്ടതാണെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

മലയാള മനോരമ

2000 ഫെബ്രുവരി 21 തിങ്കൾ

# വീണ്ടും ചില സെയ്ന്റ് മേരീയൻ സ്മരണകൾ

കെ.വി. സരിത

മൂന്നാം വർഷ ഇക്കണോമിക്സ്

പ്രഭാതപ്രാർഥനയുമായി കാറ്റെത്തുമ്പോൾ സെയ്ന്റ് മേരീസ് കോളജ് ഉണരുകയാണ്. പ്രകൃതിയുടെ ആഡംബരമോ ക്യാംപസ് പ്രണയങ്ങളുടെ 'നിറ'ച്ചാർത്തുകളോ ഇല്ലാത്ത തികച്ചും വ്യത്യസ്തമായ ഒരു കൊച്ചു ക്യാംപസ്. അവകാശപ്പെടാനായി പ്രത്യേക പ്രത്യയശാസ്ത്രമോ രാഷ്ട്രീയക്കളരിയോ ഇവിടെയില്ല. മറ്റുള്ളവർ ഇതിനെ ജുറാസിക് പാർക്കിനോട് ഉപമിക്കുമെങ്കിലും ഒരുപാട് സ്വപ്നങ്ങൾക്കും സ്വപ്നസാക്ഷാത്കാരത്തിനും നാലുകെട്ടിന്റെ നടുമുറ്റം കണക്കെയുള്ള ഈ ക്യാംപസ് സാക്ഷിയാണ്.

വിരസമായ ക്ലാസുകളിൽ ഉറക്കം അതിന്റെ പാരമ്യത്തിലെത്തുമ്പോൾ പാറമ്മേക്കാവിലെ തകർപ്പൻ 'വെടി' പലരെയും സ്ഥലകാലബോധം ജനിപ്പിക്കാനായി എത്താറുണ്ട്. വെപ്രാളത്തോടെ, അപ്രതീക്ഷിതമായി വരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം തപ്പിക്കൊണ്ടിരിക്കുമ്പോൾ പാറമ്മേക്കാവിലെ 'പുക' അവരുടെ തലയ്ക്കുചുറ്റും കറങ്ങിത്തിരിയുന്നതു കാണാം.

എൻട്രൻസ് നോട്ടുകൾക്കും റെക്കോർഡ് വർക്കുകൾക്കും അല്പം വിശ്രമം കൊടുക്കുമ്പോൾ മിക്കവരും പോകാനാഗ്രഹിക്കുന്നത് 'തറവാട്' എന്നറിയപ്പെടുന്ന കാന്റീനിലേക്കാണ്. കാന്റീന് വേറെയും അനൗദ്യോഗിക പേരുണ്ട്. 'ഹെൽ സിറ്റി' (Hell City). കൗണ്ടറിന് മുന്നിൽ നീണ്ട കാത്തിരിപ്പിന് വിധേയരായ വല്ലവരുമാകാം ഒരുപക്ഷേ, ഈ നാമകരണത്തിനു പിന്നിൽ. പ്രതികൾ ആരായാലും ഒളിവിലാണ്.

പറയാനൊരുപാടുണ്ട് എന്നു പറഞ്ഞോണ്ട് നിൽക്കുകയാണ് ജൂബിലി ഹാൾ. എല്ലാ പരിപാടികളും അരങ്ങേറുന്നത് ഈ കൊച്ച് ഓഡിറ്റോറിയത്തിലാണ്. ഇവിടെ 2000-ൽ പരം വിദ്യാർഥികൾക്ക് ഒന്നിച്ചിരുന്നു പരിപാടികൾ കാണുന്നതിലുള്ള അസൗകര്യമാണ് സിമന്റുതറയിൽനിന്ന് മാർബിൾ തറയിലേക്ക്



എന്ന ആശയം ഉടലെടുക്കാൻ കാരണമായത്. മാർബിളാകുമ്പോൾ സങ്കോചമില്ലാതെ നിലത്തിരിക്കുകയുമാകാം. ഈ 'തറസീറ്റ്' പക്ഷേ, പ്രീ ഡിഗ്രി വിദ്യാർഥിനികൾക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ ഹാളിന് ഇനിയും പറയാനുണ്ട്. ഏറെ രസകരമായ എന്തെങ്കിലും പ്രോഗ്രാം അതിന്റെ ക്ലൈമാക്സിലെത്തുമ്പോഴാകും ബെല്ലടിക്കുന്നത്. പിന്നെ, അങ്ങോട്ടും ഇങ്ങോട്ടും നോക്കാതെ മിക്കവരും ഒറ്റ ഓട്ടമാണ് ക്ലാസുകളിലേക്ക്. താഴെ ഹാളിൽ കാണികളായ് വിരലിലെണ്ണാവുന്നവർ മാത്രം അവശേഷിക്കുന്നു.

തനിക്ക് പറയാനുള്ളതെല്ലാം അടക്കിപ്പിടിച്ച് നിൽക്കുകയാണ് ലൈബ്രറി. നിശ്ശബ്ദതയുടെ സുഖവും പഴമയുടെ ഗന്ധവുമുണ്ട് ഇവിടെ കാറ്റിന്. സരളമായ വാക്കുകളിലൂടെ ചടുലവും തീവ്രവുമായ അനുഭവങ്ങൾ വരച്ചുകാട്ടുന്നവരെയാണീ ക്യാംപസിനിഷ്ടം. അതുകൊണ്ടുതന്നെയാവാം എം.ടിയും മാധവിക്കുട്ടിയുമൊക്കെ ഈ ക്യാംപസിന് പ്രിയപ്പെട്ടവരായത്.

ലൈബ്രറിയെ ചുറ്റിപ്പറ്റി രസകരമായ പല കഥകളുമുണ്ട്. റീഡിങ് ഹാളിലെ ഷെൽഫുകളിൽ വിശ്രമിക്കാറുള്ള അനുകാലിക പ്രസിദ്ധീകരണങ്ങളിലെ പല മഹദ് വ്യക്തികളെയും ചിലപ്പോഴെല്ലാം കാണാതാകാറുണ്ടത്രെ. ഇതിനായ് ഉപയോഗിക്കുന്നത് ഹെയർ പിന്നുകളും ബ്ലെയ്ഡുകളും പിന്നെ കർച്ചീഫുകളുമാണെന്നതാണ് അണിയറ രഹസ്യം. എന്നാൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ഇപ്പോൾ ബന്ധപ്പെട്ടവർ എടുക്കുന്നുണ്ടെന്നതാണ് നിലനിൽക്കുന്ന ദുഃഖംസത്യം.

രാഷ്ട്രീയവും സമരവുമില്ലെങ്കിലും സമരത്തിന്റെ ചൂടുള്ള മുദ്രാവാക്യങ്ങൾക്കായ് പലരും കാതോർക്കാറുണ്ട്. വൈകിട്ട് ബെല്ലടിക്കുന്നതിന് മിനിറ്റുകൾക്കു മുൻപേ പതുക്കെപ്പതുക്കെ 'തരംകിട്ട്യാ ഓടാം' എന്നു കരുതി ഗേറ്റിനടുത്തേക്ക് നീങ്ങുമ്പോഴായിരിക്കും ഒരു നനുത്ത പുഞ്ചിരിയുമായ് ദേവസ്യേട്ടൻ നിൽക്കുന്നത് കാണുക. അങ്ങനെ മുന്നോട്ടുവച്ച കാലുകൾ പതുക്കെ പിന്നോട്ടുവയ്ക്കേണ്ടിവരുന്നു. ഇതിനെല്ലാം സാക്ഷ്യംവഹിച്ച് ചരിത്രം ഒരു ദിവസം കൂടെ പിന്നിടുമ്പോൾ സെയ്ന്റ് മേരീസ് ഉറങ്ങുകയാണ്; ഒരു പുതിയ നാളേക്കുള്ള പ്രതീക്ഷകളുമായി. * * *